പതിനാലാം കേരള നിയമസഭ

മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 6378

08.11.2016 ൽ
മറുപടി പറയേണ്ടിയിരുന്നത്

## 'സൈബർ ഡോം' പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി.എ. റഹീം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | കേരള പോലീസിന്റെ 'സൈബർഡോം'; പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി കണ്ടുപിടിക്കുന്നതിനും, തടയുന്നതിനും, നിയന്ത്രിക്കുന്നതിനും സൈബർ സാമർത്ഥ്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് മോഡലിൽ കേരള പോലീസ് രൂപീകരിച്ച ടെക്നോളജി & ഡെവലപ്മെന്റ് പദ്ധതി ആണ് സൈബർ ഡോം. ഇത് സൈബർ സുരക്ഷയും ഗവേഷണത്തിനും, നവീകരണത്തിനുമായുള്ള കേന്ദ്രമാണ്. സൈബർ ഡോം പദ്ധതിക്കുവേണ്ടി ടെക്നോപാർക്കിൽ 2500 സ്ക്വയർ ഫീറ്റ് ഏരിയയിൽ ഓഫീസും അതിനാവശ്യമുള്ള സജ്ജീകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഏകദേശം 500 എത്തിക്കൽ ഹാക്കർമാർ സൈബർ ഡോമുമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. സോഷ്യൽ മീഡിയയുടെ ഉപയോഗം പട്ടണങ്ങളിലും ഗ്രാമങ്ങളിലും വർദ്ധിച്ചുവരുന്നതിനാൽ അതനുസരിച്ച് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളുടെ വെല്ലുവിളി നേരിടുന്നതിന് പുതിയ സോഷ്യൽ മീഡിയ ലാബ് തുറന്നിട്ടുണ്ട്. |
| ബി) | വ്യക്തികളുടെ ഇ-മെയിലുകളും മൊബൈൽ വിളികളും നിരീക്ഷിക്കുന്നതിന് അനുമതി ലഭ്യമാക്കാൻ നിലവിലുള്ള സംവിധാനം വിശദീകരിക്കുമോ; | ബി) | വ്യക്തികളുടെ ഇ-മെയിലുകൾ പരിശോധിക്കുന്നതിനും ഫോൺ വിളികൾ നിരീക്ഷിക്കുന്നതിനും സൈബർ ഡോമിൽ യാതൊരു സംവിധാനവും നിലവിലില്ല. |

| | | | |
|---|---|---|---|
| സി) | സൈബർ സുരക്ഷാ പദ്ധതി സ്വകാര്യ വ്യക്തികളെ സഹകരിപ്പിച്ചുകൊണ്ടാണോ നടപ്പിൽ വരുത്തുന്നത്; വ്യക്തമാക്കുമോ; | സി) | സൈബർ സുരക്ഷാ പദ്ധതിയിൽ, സൈബർ വിഷയങ്ങളിൽ പ്രതിഫലം ഇല്ലാതെ പ്രവർത്തിക്കാൻ താല്പര്യം ഉള്ളവരെ പ്രസ്തുത സംരംഭത്തിന് വേണ്ടി അംഗങ്ങളായി ചേർത്തിട്ടുണ്ട്. പോലീസിന് കഴിയാതെ വരുന്ന സാങ്കേതികമായ സഹായങ്ങൾ ഉപയോഗപ്പെടുത്തുക മാത്രമാണ് ചെയ്തുവരുന്നത്. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ സാങ്കേതിക സഹായവും ഉപയോഗപ്പെടുത്തുന്നുണ്ട്. സ്വകാര്യവ്യക്തി എന്നതിലുപരി സൈബർ മേഖലയിലെ വിദഗ്ധരായ വ്യക്തി എന്ന അർത്ഥത്തിലാണ് സ്വകാര്യ വ്യക്തികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ഡി) | ചില ഉദ്യോഗസ്ഥർ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി സ്വകാര്യവിവരങ്ങൾ ചോർത്തിയെടുത്തു അവ ഉപയോഗിച്ച് ബ്ലാക്ക്മെയിലിംഗ് ചെയ്യുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആയത് തടയാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ